കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമപരിഷ്കരണം

16 (*406) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം നേരിടുന്നില്ല. സ്ഥലം ലഭ്യമാകാതെയും, കരാറുകാരുടെ അനാസ്ഥമൂലവും, ബിൽ തുക കൃത്യമായി ലഭിക്കാത്തതുകൊണ്ടും വിവിധ കാരണങ്ങളാലുള്ള കോടതി ഇടപെടലുകൾ മുഖേനയും കാലതാമസം വരുന്നുണ്ട്. പ്രവൃത്തികൾക്കായി സ്ഥലം ലഭ്യമാക്കിയതിനുശേഷമേ ടെണ്ടർ നടപടികൾ സ്വീകരിക്കുകയുള്ളൂ. സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ തുടങ്ങിയവരെ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തർക്കങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കപ്പെടുന്നു. കരാറുകാരുടെ ബിൽ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഇൻവെസ്റ്റിഗേഷൻ സമയത്തുള്ള കാലതാമസം ഒഴിവാക്കാനായി ഇവ ഔട്ട്സോഴ്സ് ചെയ്യുവാനായിട്ടുള്ള നടപടികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു ശേഷമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്തുള്ള കാലതാമസം ഒഴിവാക്കാനായി 'PRICE' software വികസിപ്പിച്ചെടുത്തിട്ടുണ്ട്. പിന്നീട് ടെണ്ടറിംഗ് സമയത്തുള്ള കാലതാമസം ഒഴിവാക്കാനും സുതാര്യത ഉറപ്പാക്കാനുമായി ഇ-ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം കാലോചിതമായി പരിഷ്കരിച്ച് G.O.(MS) No. 59/2013/PWD dt: 17-7-2013 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം കരാറുകാരെ A, B, C, D എന്നീ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ A വിഭാഗക്കാർക്ക് എല്ലാ പ്രവൃത്തികളും, B വിഭാഗത്തിന് 250 ലക്ഷം രൂപ വരെയും, C വിഭാഗത്തിന് 50 ലക്ഷം രൂപ വരെയും, D വിഭാഗത്തിന് 6 ലക്ഷം രൂപ വരെയും ഉള്ള പ്രവൃത്തികളുടെ കരാറെടുക്കാവുന്നതാണ്.

കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനും, പുതുക്കുന്നതിനും താഴെ പറയും പ്രകാരം ഫീസ് നൽകേണ്ടതാണ്.

	രജിസ്ട്രേഷൻ/ പുതുക്കൽ	സെക്യൂരിറ്റി ഡെപ്പോസിറ്റ്
A ക്ലാസ്സ്	5000 രൂപ	2 ലക്ഷം രൂപ
B ക്ലാസ്സ്	3000 രൂപ	1 ലക്ഷം രൂപ
C ക്ലാസ്സ്	2000 രൂപ	50000 രൂപ
D ക്ലാസ്സ്	1000 രൂപ	25000 രൂപ

കരാറുകാരുടെ പെർഫോമൻസ് വിലയിരുത്തുന്നതിനായി വർക്ക് രജിസ്റ്റർ സൂക്ഷിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. രജിസ്റ്ററിംഗ് അതോറിറ്റി ഈ രജിസ്റ്റർ റെക്കോഡ് ചെയ്ത് ഓഫീസിലും കരാറുകാരുടെ കൈവശവും കൊടുക്കുന്നതാണ്. മേൽപ്പറഞ്ഞ രജിസ്ട്രേഷന് എല്ലാം തന്നെ 3 വർഷ കാലത്തേക്കാണ് പ്രാബല്യം.

(സി & ഡി) ഓരോ പ്രവൃത്തികളും പല ഘട്ടങ്ങളായി തിരിക്കുകയും ഇവയ്ക്ക് എല്ലാം തന്നെ സമയപരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമയപരിധി പാലിക്കാതെ വരികയാണെങ്കിൽ 'ലിക്വിഡേറ്റഡ് ഡാമേജ്' എന്ന ശീർഷകത്തിൽ നിശ്ചിത ശതമാനം പിഴ ഈടാക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അടുത്ത ഘട്ടത്തിൽ മുൻപുണ്ടായ കാലതാമസം പരിഹരിച്ച് പ്രവൃത്തി ചെയ്യുകയാണെങ്കിൽ മേൽപ്പറഞ്ഞ തരത്തിൽ ഈടാക്കിയ തുക തിരികെ നൽകുന്നതാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ ഉൾക്കൊള്ളിച്ചാണ് പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly